11
ബുധൻ
2017 ഒക്ടോബർ
1193 കന്നി 25

മക്തബ്

www.makthabdaily.com

കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി
അംഗീകൃത ഏജൻസി
സബ് രജിസ്ട്രാഫീസിന് സമീപം, ലിങ്ക് റോഡ്, ആലക്കോട്
Ph: 9495773656
ഡോ. ശ്രുതി. വൈ. BAMS, Dly
എല്ലാ ബുധൻ, ശനി ദിവസങ്ങളിൽ രോഗികളെ പരിശോധിക്കുന്നു.
ബുക്കിംഗിന്: 0460 2255155

തളിപ്പറമ്പ പുസ്തകം 10 ലക്കം 310 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

സോളാർ
ഉമ്മൻചാണ്ടിക്കെതിരെ വിജിലൻസ് കേസ്

തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, കെ.സി.വേണുഗോപാൽ, എ.പി.അനിൽകുമാർ, ജോസ് കെ.മാണി, ഡി.ജി.പി. ഹേമചന്ദ്രൻ, ഐ.ജി. പത്മകുമാർ, തുടങ്ങിയവരും പ്രതി പട്ടികയിൽ

സോളാർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേസിൽ പ്രതികളാകുന്ന തിരുവഞ്ചൂർ, ആര്യാടൻ, കെ.സി. വേണുഗോപാൽ, ജോസ് കെ. മാണി, ബെന്നി ബഹനാനാൻ, എ.ഡി.ജി.പി. പത്മകുമാർ, ഡി.ജി.പി.ഹേമചന്ദ്രൻ എന്നിവർ

തിരുവനന്തപുരം: കോളിളക്കം സൃഷ്ടിച്ച സോളാർ അഴിമതി കേസിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ള വർക്കെതിരെ വിജിലൻസ് കേസെടുത്ത് അന്വേഷണം നടത്താൻ സർക്കാർ തീരുമാനം. മുൻ മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, മുൻ എം.എൽ.എമാരായ തമ്പാന്നൂർ രവി, ബെന്നി ബഹനാൻ തുടങ്ങിയ നേതാക്കളും ഉമ്മൻചാണ്ടിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ടവരും അന്നത്തെ പ്രത്യേക അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥരുമുൾപ്പെടെ കേസിൽ പ്രതികളാകും. ഉമ്മൻചാണ്ടിയുടെ പേഴ്സണൽ സ്റ്റാഫിൽ അംഗങ്ങളായ ടെന്നി ജോപ്പൻ, ജിക്കുമോൻ ജേക്കബ്, ഗൺമാൻ സലിംരാജ്, ഉമ്മൻചാണ്ടിയുടെ ഡൽഹിയിലെ സഹായി കുരുവിള എന്നിവർക്കെതിരെ വിജിലൻസ് കേസെടുക്കുന്നതോടെ കേസന്വേഷണത്തെ സ്വാധീനിച്ച് അട്ടിമറിക്കാൻ ശ്രമിച്ചവർക്കെതിരെ ക്രിമിനൽ കേസ് വേറെയുമുണ്ടാകും. ഇന്ന് ചേർന്ന മന്ത്രിസഭയോഗമാണ് സോളാർ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിൻമേൽ സ്വീകരിക്കേണ്ട നടപടി തീരുമാനിച്ചത്. മുഖ്യമന്ത്രി പിണറായി വിജയനാണ് മന്ത്രിസഭാ തീരുമാനം വിശദീകരിച്ചത്.

സോളാർ കേസന്വേഷണത്തിന് യു.ഡി.എഫ് സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ തലവനായിരുന്ന ക്രൈംബ്രാഞ്ച് ഡി.ജി.പി ഹേമചന്ദ്രൻ, ഐ.ജി. കെ. പത്മകുമാർ എന്നിവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പോലീസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയായിരുന്ന ജി.ആർ. അജിത്തിനെതിരെയും വകുപ്പുതല നടപടിയും വിജിലൻസ് കേസുമുണ്ടാകും. പഴയ കേസുകളിൽ തുടരന്വേഷണത്തിനും പുതിയ പരാതികളുണ്ടെങ്കിൽ ക്രിമിനൽ കേസെടുക്കാനും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുമുണ്ട്.

ഉത്തരമേഖല ഡി.ജി.പി രാജേഷ് ദിവാൻ, ഐ.ജി. ദിനേന്ദ്ര കശ്യപ്, ക്രൈംബ്രാഞ്ച് എസ്.പി. പി.ബി. രാജീവൻ, ഡി.വൈ.എസ്.പിമാരായ ബിജി മോൻ, എ. ഷാനവാസ്, ബി. രാധാകൃഷ്ണപിള്ള എന്നിവരടങ്ങുന്നതാണ് പുതിയ പ്രത്യേക അന്വേഷണ സംഘം.

സരിത നായരെ സഹായിക്കാൻ കൂട്ടുനിന്ന പോലീസ് സംഘത്തിന്റെ തലവനുൾപ്പെടെയുള്ളവർക്ക് സ്ഥാനചലനം. ക്രൈംബ്രാഞ്ച് ഡി.ജി.പി ഹേമചന്ദ്രനെ കെ.എഡ്.ആർ.ടി.സി യുടെ സി.എം.ഡിയാക്കിയാണ് മാറ്റി നിയമിച്ചത്. ഐ.ജി: കെ.പത്മകുമാറിനെ മാർക്കറ്റ് ഫെഡ് എം.ഡിയായും നിയമിച്ചു. മറ്റുള്ളവർ കീഴുദ്യോഗസ്ഥരായതിനാൽ അവർക്കെതിരെയുള്ള നടപടിയും ഉടനുണ്ടാകും.

വേങ്ങരയിൽ എൽ.ഡി.എഫിന്റെ സോളാർ ബോംബ്

വേങ്ങരയിൽ ബൂത്തിലേക്ക് പോകുന്ന ദിവസം തന്നെ സോളാറിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് എതിരെയടക്കം വിജിലൻസ് കേസെടുക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചത് രാഷ്ട്രീയ ലക്ഷ്യത്തോടെ. റിപ്പോർട്ട് സമർപ്പിച്ചിട്ട് ആഴ്ചകളായെങ്കിലും നിയമോപദേശത്തിന് അയക്കുകയായിരുന്നു. വേങ്ങരയിൽ പരസ്യ പ്രചരണം അവസാനിച്ച് വോട്ടെടുപ്പ് തുടങ്ങിയപ്പോഴാണ് മുഖ്യമന്ത്രി വാർത്താസമ്മേളനം നടത്തി ഗുരുതരമായ ആരോപണം ഉന്നയിച്ചത്. പ്രതിപക്ഷത്തിന് മറുപടി പറയാൻ കഴിയാത്തവിധമാണ് വാർത്താസമ്മേളനം നടത്തിയത്. സ്വാഭാവികമായും വരും ദിവസങ്ങളിൽ ഏറെ കോളിളക്കം സൃഷ്ടിക്കുന്നതായിരിക്കും ഇന്നത്തെ മന്ത്രിസഭ തീരുമാനം. സരിതയുടെ കത്തിൽ പരാമർശിക്കുന്ന ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ളവർക്കെതിരെ ബലാത്സംഗ കേസ് എടുക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.

ഭയക്കുന്നില്ല, നൂറിരട്ടി ശക്തിയോടെ ജനങ്ങൾക്കൊപ്പം: ഉമ്മൻചാണ്ടി

കൊച്ചി: ഏത് അന്വേഷണത്തെയും സ്വാഗതം ചെയ്യുന്നതായി മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സോളാർ കേസിനെ കുറിച്ച് പ്രതികരിക്കുകയായിരുന്നു അദേഹം. ഒരു തെറ്റും ചെയ്തിട്ടില്ല. അതുകൊണ്ട് ഏത് അന്വേഷണത്തെയും ഭയക്കുന്നില്ല. കേസും അന്വേഷണവും കാട്ടി ഭയപ്പെടുത്താൻ നോക്കരുത്. നൂറിരട്ടി ശക്തിയിൽ ജനങ്ങൾക്കൊപ്പം പ്രവർത്തിക്കുക തന്നെ ചെയ്യും. പുറത്തുവരാത്ത റിപ്പോർട്ടിനെ കുറിച്ചാണ് പിണറായി വിജയൻ സംസാരിക്കുന്നത്. എന്നാൽ ഈ റിപ്പോർട്ടിലെ കാര്യങ്ങൾ ടി.കെ. ഹംസ വേങ്ങരയിൽ പ്രസംഗിച്ചിട്ടുണ്ട്. ആരാണ് അദേഹത്തിന് റിപ്പോർട്ട് ചോർത്തിക്കൊടുത്തത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനെതിരെ വലിയ ആയുധമാക്കിയത് അവസാന കാലത്തെ മന്ത്രിസഭ തീരുമാനങ്ങളായിരുന്നു. എ.കെ. ബാലൻ ചെയർമാനായി പഠിക്കാൻ കമ്മീഷനെ വച്ചു. 103 തീരുമാനങ്ങൾ തെറ്റായിരുന്നുവെന്നാണ് തിരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ് പ്രഖ്യാപിച്ചത്. അധികാരമേറ്റ് ഒന്നര വർഷം പിന്നിട്ടിട്ടും എന്തേ നടപടിയെടുക്കാത്തതെന്നും ഉമ്മൻചാണ്ടി ചോദിച്ചു.

വട്ടേര കക്കറ ക്രഷറിന് സമീപത്തെ കാറിയിൽ നിന്ന് പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ. ഇൻസെറ്റിൽ അറസ്റ്റിലായ അരുൺകുമാർ.

ആലക്കോട് കരിങ്കൽ ക്വാറിക്ക് സമീപം വൻ സ്ഫോടകശേഖരം പിടികൂടി, ഒരാൾ അറസ്റ്റിൽ

ആലക്കോട്: കരിങ്കൽ ക്വാറിക്ക് സമീപം അനധികൃതമായി സൂക്ഷിച്ച വൻ സ്ഫോടക ശേഖരം സഹിതം ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. വട്ടേര കക്കറ ക്രഷറിന് സമീപത്തെ കരിങ്കൽ ക്വാറിയിൽ തട്ടിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ നേതൃത്വത്തിലാണ് ഓലയമ്പാടി പെരുവാമ്പയിലെ സുനീതി ഭവനിൽ അരുൺകുമാറി (52)നെയാണ് അറസ്റ്റ് ചെയ്തത്. 281 ഇലക്ട്രോണിക് ഡിറ്റനേറ്ററുകൾ, 451 ജലാറ്റിൻ സ്റ്റിക്കുകൾ, ഫ്യൂസ് വയറുകൾ എന്നിവയാണ് പിടികൂടിയത്. ക്രഷറിന് സമീപത്തെ കാറിയിൽ അനധികൃതമായി സ്ഫോടക വസ്തുക്കൾ സൂക്ഷിച്ചതായുള്ള രഹസ്യ വിവരത്തെ തുടർന്ന് ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ വേഷം മാറിയെത്തിയ സംഘം കാറിയിൽ റെയ്ഡ് നടത്തുകയായിരുന്നു. പോലീസാണെന്ന് തിരിച്ചറിഞ്ഞ് കാറിയിലുണ്ടായിരുന്നവർ കാർ ബോർഡ് പെട്ടിയിലാക്കി സ്ഫോടക വസ്തുക്കൾ സഹിതം ഓടി രക്ഷപ്പെടുന്നതിനിടെ സമീപത്തെ റബർ തോട്ടത്തിൽ വെച്ച് പോലീസ് സംഘം സാഹസികമായി അരുൺകുമാറിനെ പിടികൂടുകയായിരുന്നു. ഇയാളുടെ നേതൃത്വത്തിലാണ് കാറിയിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് വന്നിരുന്നത്. ലൈസൻസില്ലാതെയാണ് ഇവിടെ സ്ഫോടനം നടത്തിവന്നിരുന്നത്. മാതമംഗലം കുണ്ടയൻ കോവിലിലെ നാരായണൻ എന്നയാളുടേതാണ് കരിങ്കൽ കാറി. റെയ്ഡിൽ ഡി.വൈ.എസ്.പി ഓഫീസിലെ എ.എസ്.ഐ പവിത്രൻ, ഗോപി, രാമചന്ദ്രൻ എന്നിവരും ആലക്കോട് പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ വൽസരാജ്, സീനിയർ സി.പി.ഒ ആഗസ്തി, സി.പി.ഒ സുരേഷ്കുമാർ എന്നിവരും ഉണ്ടായിരുന്നു. അറസ്റ്റിലായ അരുൺകുമാറിനെ ആലക്കോട് എസ്.ഐ കെ.ജെ.ബിനോയിയുടെ നേതൃത്വത്തിൽ ഇന്ന് രാവിലെ വട്ടേരയിലെ കാറിയിലെത്തിച്ച് തെളിവെടുപ്പ് നടത്തി.

ഉംറ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു
15/30 ദിവസത്തെ പാക്കേജുകൾ
ആദ്യബാച്ച് ഒക്ടോബർ അവസാനം
8129488822, 8129488833
ഗ്രൂപ്പുകൾക്കുള്ള കുറഞ്ഞ നിരക്കിലുള്ള പാക്കേജുകൾ ലഭ്യമാണ്
റവാദ് ഹോളിഡേയ്സ്
താണ, കണ്ണൂർ
H.O: Diafath al Rashideen Hotel MAKKAH SAUDI ARABIA

ബലാൽസംഗം ചെയ്തുവെന്ന് സരിത പറഞ്ഞ പേരുകൾ

അട്ടക്കുളങ്ങര സബ് ജയിലിൽ വെച്ച് 13-7-2013ന് സരിത എഴുതിയ കത്തിൽ പരാമർശിക്കുന്ന മുഴുവൻ ആളുകളുടെയും പേരിൽ ബലാൽസംഗത്തിന് കേസെടുക്കാനുള്ള തീരുമാനം കൗതുകത്തോടെയാണ് രാഷ്ട്രീയ നിരീക്ഷകർ കാണുന്നത്. മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻ മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, അടൂർ പ്രകാശ്, എ.പി. അനിൽകുമാർ, മുൻ കേന്ദ്രമന്ത്രി പളനി മാണിക്യം, കെ.സി. വേണുഗോപാൽ എം.പി, ഹൈബി ഈഡൻ എം.എൽ.എ, ജോസ് കെ. മാണി എം.പി, ഐ.ജി. പത്മകുമാർ, ഡി.വൈ.എസ്.പി ഹരികുമാർ, പോലീസ് അസോസിയേഷൻ മുൻ നേതാവ് അജിത്ത് എന്നിവർക്കെതിരെ ബലാൽസംഗത്തിന് കേസെടുക്കും. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു മുൻ മുഖ്യമന്ത്രിക്കെതിരെ ബലാൽസംഗത്തിന് കേസെടുക്കുന്നത്. ഉമ്മൻചാണ്ടിയെ പോലെയുള്ള ഒരാളുടെ പേരിൽ ബലാൽസംഗ കേസെടുക്കുമ്പോൾ അത് തെളിയിക്കുക വിജിലൻസിന് വലിയ വെല്ലുവിളിയായിരിക്കും. സരിതയെ പോലെയുള്ള ഒരു സ്ത്രീയുടെ പരാതി അതുപോലെ കേസാക്കുമ്പോൾ ജനം എത്രമാത്രം അത് മുഖവിലക്കെടുക്കുമെന്ന് സംശയം ഉണ്ട്. അഴിമതി ജനം വിശ്വസിക്കുമെങ്കിലും ഇത്രയും പേർ സരിതയെ ബലാൽസംഗം ചെയ്തുവെന്ന കാര്യം സാമാന്യ ജനം വിശ്വസിക്കില്ലെന്നാണ് യു.ഡി.എഫുകാർ പറയുന്നത്.

ലൈംഗിക സംതൃപ്തിയും കൈക്കൂലിക്ക് സമം

തിരുവനന്തപുരം: കൈക്കൂലിയെന്നത് പണമായി സ്വീകരിക്കുന്നത് മാത്രമാകില്ലെന്നും ലൈംഗിക സംതൃപ്തി സ്വീകരിക്കുന്നതും അഴിമതി നിരോധന നിയമപ്രകാരം നിലനിൽക്കുന്ന കുറ്റമാകുമെന്നും സോളാർ കമ്മീഷൻ നിരീക്ഷണം. സരിത എസ്. നായരിൽ നിന്ന് ലൈംഗിക സംതൃപ്തി സ്വീകരിച്ചതിലൂടെ പലരും നിയമവിരുദ്ധ പാരിതോഷികം സ്വീകരിക്കുകയായിരുന്നുവെന്നാണ് നിരീക്ഷണം. കമ്മീഷൻ റിപ്പോർട്ടിൻമേൽ അഡ്വക്കറ്റ് ജനറലും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലും നൽകിയ നിയമോപദേശത്തിൽ സർക്കാരിന് ഇക്കാര്യത്തിൽ നിയമനടപടികളുമായി മുന്നോട്ട് പോകാമെന്ന നിർദേശമാണ് ലഭിച്ചത്.

മെസി ഒരിക്കൽകൂടി മിശിഹയായി; അർജന്റീന ലോകകപ്പ് ബർത്ത് ഉറപ്പാക്കി

അർജന്റീന ആരാധകരുടെ പ്രാർത്ഥന ഫലിച്ചു. മരണത്തിനും ജീവിതത്തിനും ഇടയിലെ നൂൽപ്പാലം കടന്ന് അർജന്റീന, റഷ്യൻ ലോകകപ്പിൽ ബർത്ത് ഉറപ്പാക്കി. മെസി മാജിക്കിലായിരുന്നു അർജന്റീനയുടെ വിജയം.

റഷ്യൻ ലോകകപ്പിൽ അർജന്റീന ഇല്ലാതാകുമോയെന്ന ചങ്കിടിപ്പിലായിരുന്നു ആരാധകർ. ഇന്ത്യൻ സമയം ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ വിജയിച്ചില്ലെങ്കിൽ അർജന്റീന യോഗ്യത നേടാതെ പുറത്താകുമായിരുന്നു. പ്രതിരോധത്തിലെ കരുത്തരായ ഇക്വഡോറായിരുന്നു എതിരാളി. സമുദ്രനിരപ്പിൽ നിന്നും 9000 അടി ഉയരമുള്ള ഇക്വഡോറിന്റെ ഹോം ഗ്രൗണ്ടിലായിരുന്നു മത്സരം. കളിയുടെ 32-ാം സെക്കന്റിൽ റൊമാരിയോ ഇബാറയിലൂടെ അർജന്റീന ആരാധകരുടെ ഹൃദയം തകർത്ത് ഇക്വഡോറിന്റെ ഗോൾ. എന്നാൽ പിന്നീട് കാൽപന്തുകളിയിലെ മിശിഹ ലയണൽ മെസിയും സംഘവും മൈതാനം അടക്കി വാഴുന്നതാണ് കണ്ടത്. എയ്ഞ്ചൽ ഡി മരിയ നൽകിയ മനോഹരമായ പാസിലൂടെ മെസി അർജന്റീനയ്ക്ക് സമനില സമ്മാനിച്ചു. 20-ാം മിനുട്ടിൽ വീണ്ടും മെസി സ്കോർ ചെയ്തു. 62-ാം മിനുട്ടിൽ ഹാട്രിക് ഗോളോടെ മെസി അർജന്റീനയുടെ വിജയം ഉറപ്പിച്ചു. അത്യന്തം വീറും വാശിയും നിറഞ്ഞ മത്സരത്തിൽ അർജന്റീനയ്ക്ക് പിന്നെയും നിരവധി അവസരങ്ങൾ ലഭിച്ചെങ്കിലും മുതലാക്കാനായില്ല. 28 പോയിന്റോടെ ലാറ്റിനമേരിക്കൻ മേഖലയിൽ നിന്ന് മൂന്നാം സ്ഥാനക്കാരായാണ് അർജന്റീന യോഗ്യത നേടിയത്.

മറ്റൊരു മത്സരത്തിൽ ബ്രസീൽ, ചിലിയെ മൂന്ന് ഗോളിന് തകർത്തു. കോപ്പ അമേരിക്കൻ ചാമ്പ്യൻമാരായ ചിലി ഇതോടെ യോഗ്യത നേടാനാകാതെ പുറത്തായി. ഗ്രൂപ്പിൽ ഒന്നാമനായ ബ്രസീൽ നേരത്തെ തന്നെ യോഗ്യത നേടിയിരുന്നു. ലാറ്റിനമേരിക്കയിൽ നിന്ന് നാലു ടീമുകൾക്കാണ് നേരിട്ട് യോഗ്യത. കൊളംബിയയോട് തോറ്റ പെറു അഞ്ചാം സ്ഥാനക്കാരായി പ്ലേ ഓഫ് കളിക്കും. ഇതിൽ ജയിക്കുന്നവർക്കും യോഗ്യത ലഭിക്കും.



സംസ്കാരം നാളെ
(12-10-2017)

മാത്യു ചാണാക്കാട്ടിൽ
(കുട്ടിച്ചേട്ടൻ-78)
കുറ്റിപ്പുഴ, കരുവഞ്ചാൽ

എന്റെ പ്രിയ ഭർത്താവ് മാത്യു ചാണാക്കാട്ടിൽ (കുട്ടിച്ചേട്ടൻ-78) കർത്താവിൽ നിദ്ര പ്രാപിച്ച വിവരം അറിയിക്കുന്നു. സംസ്കാരം നാളെ (12-10-17 വ്യാഴാഴ്ച) രാവിലെ 10 മണിക്ക് തടിക്കടവ് സെന്റ് ജോർജ് പള്ളിയിലെ കുടുംബ കല്ലറയിൽ നടക്കുന്നതാണ്. ബന്ധുമിത്രാദികൾ ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്, ദുഃഖാർത്തരായ
ഭാര്യ: ത്രേസ്യാമ്മ, മക്കൾ, മരുമക്കൾ
മറ്റ് കുടുംബാംഗങ്ങൾ

ആദരാഞ്ജലികളോടെ, മാനേജ്മെന്റ് & സ്റ്റാഫ്
സാൻജോസ് ബിൽഡേഴ്സ് & എർത്ത് മൂവേഴ്സ് കരുവഞ്ചാൽ
സി.വി.എം. സൺസ് ട്രേഡേഴ്സ്, കരുവഞ്ചാൽ
കാനാ കാറ്ററിംഗ് കരുവഞ്ചാൽ, കുറ്റിപ്പുഴ